"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ LDV ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1806/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/10/2020

പരാമർശം:- 1 സ.ഉ(സാധാ)നം. 1022/2018/തസ്വഭവ തീയതി 10.04.2018.

2 സ.ഉ(സാധാ)നം. 338/2019/തസ്വഭവ തീയതി 16.02.2019

3 ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ 28.01.2019 ലെ OA (EKM)222/2019 നം. ഉത്തരവ്

**ഉത്തരവ്**

ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.ബിജേഷ് കുമാർ.ഒ.കെ. ശ്രീ.ദുൽകിഫിലി എന്നിവർ ഫയൽ ചെയ്ത OA (EKM) 3059/2017 നം. ഹർജിയിലെ 22.12.2017 ലെ ഉത്തരവിലെ നിർദേശപ്രകാരം പഞ്ചായത്ത് വകുപ്പിൽ കാസർഗോഡ് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ LDV ഡ്രൈവർ ഗ്രേഡ്-I I തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ വിവധ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലുകൾ നിരസിച്ച് പരാമർശം (2 ) പ്രകാരം ഉത്തരവായിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ലെന്നുള്ളതിനാൽ വിവിധ ജില്ലകളിലെ പി.എസ്.സി റാങ്ക് പട്ടികയിലുള്ള ഉദ്യോഗാർഥികൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിരുന്ന വ്യത്യസ്ഥ ഹർജികളിൻമേലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം നിരസിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതും കാസർഗേഡ് ജില്ലയിലെ പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകളിൻമേലും ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം സാധിക്കുകയില്ലെന്ന് പരാമർശം (2) പ്രകാരം ഉത്തരവാകുകയാണ് ഉണ്ടായിട്ടുള്ളത്.

പരാമർശം (3) ലെ . ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ താഴ പറയും പ്രകാരം ഉത്തരവായിരുന്നു.

"............... the Original Application is disposed of directing the second respondent to ensure that orders are issued on the proposals received by it from the Grama Panchayats pursuant to Annexure A6 order. This shall be done within a period of one month from the date of receipt of a copy of this order. Insofar as the remaining Grama Panchayats who had not forwarded the proposals for creation of the posts of Driver Grade II, the third and fourth respondents shall ensure

that necessary proposals are forwarded by these Grama Panchayats within, a period of three weeks in accordance with the directions in Anneure A6. On receipt of such proposal it shall, be duly communicated to the second respondent forthwith and the second respondent. shall pass orders within a period of one month therefrom. On issuance of such orders creating regular posts of Driver Grade II (LDV) in the Grama Panchayats in Kasargod district, the fourth respondent shall ensure that these vacancies are reported to the Public Service Commission before the expiry of Annexure A1 ranked list, at any rate, before the close of office hours on 20 August 2019. The Public Service Commission shall also ensure that on reporting of such vacancies advices are issued without further delay."

പരാമർശം (3) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് സർക്കാരിൽ ലഭ്യമാകുന്നതിന് മുൻപ് തന്നെ പരാമർശം (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ വിവധ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്ന പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് പ്രസ്തുത പ്രൊപ്പോസലുകൾ നിരസിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

മേൽ സാഹചര്യത്തിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ലെന്നുള്ളതിനാൽ കാസർഗേഡ് ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ നിരസിച്ച് ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുകയില്ലെന്ന് പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
ശ്രീ.ബിജേഷ് കുമാർ.ഒ.കെ, ചേനംകുന്നുമൽ ഹൗസ് പാലേ, പുത്തരിയണ്ടുക്കം.പി.ഒ, നീലേശ്വരം, കാസർഗോഡ്-671314
എക്സി.ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/11/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ